## ക്ലാസ് - 10

# അടിസ്ഥാനപാഠാവലി



പൊതുവിദ്യാഭ്യാസ വകുപ്പ്

സമഗ്ര ശിക്ഷാ കേരളം

# അടിസ്ഥാനപാഠാവലി

## യൂണിറ്റ്-ഒന്ന് - ജീവിതം പടർത്തുന്ന വേരുകൾ

പാഠം - 1 - പ്ലാവിലക്കഞ്ഞി

പാഠം - 2 - ഓരോ വിളിയും കാത്ത്

പാഠം - 3 - അമ്മത്തൊട്ടിൽ

## യൂണിറ്റ് - രണ്ട് - നിലാവു പെയ്യുന്ന നാട്ടുവഴികൾ

പാഠം - 1 - കൊച്ചുചക്കരച്ചി

# പ്ലാവിലക്കഞ്ഞി



പ്രശസ്ത മലയാളസാഹിത്യകാരൻ ശ്രീ. തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിന്റെ പതിനേഴാം അധ്യായം.

**പ്രധാന ആശയങ്ങൾ**

- 1940-കളിൽ രചിക്കപ്പെട്ട നോവൽ.
- കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ ദുരിതജീവിതം പ്രമേയം
- പ്ലാവിലക്കുമ്പിളിൽ കഞ്ഞി തീരെ കുറവ്; കർഷകന്റെ ദാരിദ്ര്യം വളരെ വലുത് എന്ന് ഓർമപ്പെടുത്തുന്ന പാഠം.
- കോരൻ, ചിരുത, കോരന്റെ അച്ഛൻ, ജന്മിയായ പുഷ്പവേലിൽ ഔസേപ്പ് എന്നിവർ പാഠഭാഗത്തെ പ്രധാന കഥാപാത്രങ്ങൾ.
- കോരനും ചിരുതയും ഇഷ്ടത്തിലായിരുന്നു. വിവാഹാനന്തരം കോരൻ അച്ഛനുമായി പിണങ്ങി, ചിരുതയുമൊത്ത് മറ്റൊരിടത്ത് താമസിക്കുന്നു.
- പുഷ്പവേലിൽ ഔസേപ്പ് എന്ന ജന്മിക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന തൊഴിലാളിയാണ് കോരൻ.
- കൂലിയായി അൽപ്പം നെല്ല് കൊടുക്കാൻ ജന്മിയായ പുഷ്പവേലിൽ ഔസേപ്പ് തയാറാകുന്നില്ല.
- നെല്ല് രഹസ്യമായി രാത്രിയിൽ വള്ളത്തിൽ കയറ്റിക്കൊണ്ടുപോകുന്നത് കോരന്റെ ശ്രദ്ധയിൽപ്പെടുന്നു.
- പട്ടിണിയെ സ്നേഹം കൊണ്ട് പ്രതിരോധിക്കുന്ന ഭാര്യാഭർത്താക്കന്മാരാണ് കോരനും ചിരുതയും.
- ഒരാൾ ഉണ്ണാതെ മറ്റൊരാളെ ഊട്ടാൻ ശ്രമിക്കുന്നത് പരസ്പര സ്നേഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണം.
- ചിരുതയുടെ ഭർതൃസ്നേഹവും ഭർതൃപിതാവിനോടുള്ള സ്നേഹവും ശ്രദ്ധേയം.
- പിണക്കം മറന്ന് മകന്റെയും മരുമകളുടെയും അടുത്തേയ്ക്ക് വരുന്ന കോരന്റെ അച്ഛനെ സ്നേഹത്തോടെ സ്വീകരിക്കുകയും അയാളുടെ അവസാനത്തെ ആഗ്രഹമായ 'അരിയിട്ടു തിളപ്പിച്ച വെള്ളം' കുടിക്കണമെന്നത് സാധിച്ചുകൊടുക്കുകയും ചെയ്യുന്നു ചിരുത.
- പരസ്പരസ്നേഹത്തിന്റെ സവിശേഷ ഉദാഹരണമാണ് പാഠഭാഗം.

**വിശകലന ചോദ്യങ്ങൾ**

പുഷ്പവേലിൽ ഔസേപ്പ് എന്ന ജന്മിയുടെ തൊഴിലാളിയായിരുന്നു കോരൻ. കഠിനമായ പട്ടിണിയുടെ കാലത്താണ് ഈ കഥ നടക്കുന്നത്. നെല്ല് കൂലിയായി നൽകാൻ മുതലാളി തയ്യാറായില്ല.

1. 'തമ്പ്രാ ഏനു നെല്ല് കൂലി മതി; ചക്രം മേണ്ട" ഇങ്ങനെ പറയുന്നതാര്?
   - ചിരുത
   - കോരന്റെ അച്ഛൻ
   - കോരൻ
   - കോരന്റെ കൂട്ടുകാർ

   **ഉത്തരം : കോരൻ** (1)

2. "രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്" നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത്? ഇങ്ങനെ ചിന്തിച്ചതാര്?

**ഉത്തരം : കോരൻ** (1)

ഈ ചിന്ത എന്തിന്റെ സൂചനയായിരിക്കാം?

**ഉത്തരം : ജന്മിത്ത വ്യവസ്ഥിതിയോടുള്ള പ്രതിഷേധം** (1)

3. 'പാതിരായ്ക്കുശേഷം ആറണ കൊടുത്തു വാങ്ങിയ നാഴി അരിയും നാലു ചക്രത്തിന് കപ്പയുമായി കോരൻ കൊട്ടിലിൽ ചെന്നു' -

കൊട്ടിൽ എന്ന പദത്തിന്റെ ശരിയായ അർഥം തിരഞ്ഞെടുത്തെഴുതുക.

- കുടിൽ
- മാളിക
- വയൽ
- അടുക്കള

**ഉത്തരം : കുടിൽ** (1)

4. അങ്ങനെ പാതിരായ്ക്കുശേഷം അടുപ്പിൽ തീ എരിഞ്ഞു. ആ കുടിലിൽ വെളിച്ചമുണ്ടായി.

ഇവിടെ വെളിച്ചമുണ്ടായി എന്ന പ്രയോഗം നൽകുന്ന രണ്ട് അർഥസൂചനകൾ കണ്ടെത്തൂ.

- അടുപ്പിൽ തീ എരിഞ്ഞപ്പോഴുണ്ടായ വെളിച്ചം
- കോരന്റെയും ചിരുതയുടെയും സന്തോഷം (2)

5. 'അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.' 'കണ്ണു തണുപ്പിക്കുക' എന്ന പ്രയോഗത്തിന്റെ അർഥമെന്ത്?

സന്തോഷിക്കുക. (1)

6. കഞ്ഞിയും കപ്പയും കാലമായപ്പോൾ ചിരുത കോരനെ വിളിച്ചു.

മഞ്ഞു കാലമായപ്പോൾ ഞങ്ങൾ ഹിമാലയത്തിലേക്ക് പോയി.

അടിവരയിട്ട പദങ്ങൾ രണ്ടു വാക്യങ്ങൾക്കും നൽകുന്ന അർഥവ്യത്യാസം എഴുതുക. (2)

7. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

- ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു. (2)

8. അർഥവ്യത്യാസം വരാതെ രണ്ട് ലഘുവാക്യങ്ങളാക്കുക.

- അങ്ങനെ പാതിരായ്ക്കുശേഷം അടുപ്പിൽ തീ എരിഞ്ഞപ്പോൾ ആ കുടിലിൽ വെളിച്ചമുണ്ടായി. (2)

9. 'എത്ര നെല്ലു കൊയ്തു; മെതിച്ചു. എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു. ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചുകഴിയുന്നത്'

സമൂഹത്തിന്റെ ഉദരങ്ങൾ നിറയ്ക്കുന്ന കർഷകജീവിതം തലമുറകളോളം കുറുകുറുപ്പോടെ വലിച്ചുകഴിയുകയാണ്.

കോരന്റെയും അയാളുടെ പിതാവിന്റെയും ജീവിതാവസ്ഥകളും വർത്തമാനകാലകർഷക പ്രതിസന്ധികളും പരിഗണിച്ച് 'കാർഷിക പ്രതിസന്ധികൾ : അന്നും ഇന്നും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക. **(6)**

ഒരു വിദ്യാർഥിയുടെ ഉത്തരം ഇതോടൊപ്പം നൽകുന്നു വായിക്കൂ ...

പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം കുട്ടനാട്ടിലെ സ്വാതന്ത്ര്യത്തിന് മുൻപുള്ള കർഷക പ്രശ്നങ്ങളാണ് വ്യക്തമാക്കുന്നത്. കോരന്റെ അച്ഛനും കോരനും ഒരേതരം പട്ടിണി അനുഭവിക്കുന്നു. എത്ര തലമുറ കഴിഞ്ഞാലും കർഷകർ ദുരിതത്തിലാണെന്ന് ഇത് ഓർമിപ്പിക്കുന്നു.

കോരനും കോരന്റെ അച്ഛനുമെല്ലാം കൃത്യമായ കൂലിയോ അൽപം നെല്ലോ ഒന്നും കിട്ടിയിരുന്നില്ല. അവർക്ക് എന്നും പട്ടിണി തന്നെയായിരുന്നു.

ഇതേ അവസ്ഥ കർഷകർ ഇപ്പോഴും അനുഭവിക്കുന്നുണ്ട്. കർഷകർക്ക് അധ്വാനത്തിന് അനുസരിച്ചുള്ള കൂലി ലഭിക്കുന്നില്ല. വിത്തും വളവും സൗജന്യത്തിൽ ലഭിക്കുന്നില്ല. കർഷകർക്ക് നമ്മുടെ സമൂഹത്തിൽ എന്ത് അംഗീകാരമാണുള്ളത്? മണ്ണും അഴുക്കും പുരണ്ട കാലുകളും ചെളി പുരണ്ട ഉടുപ്പും എല്ലായിടത്തുനിന്നും മാറ്റിനിർത്തപ്പെടുന്നു. കർഷകർക്കുള്ള ധനസഹായപദ്ധതികൾ പലപ്പോഴും ഫലപ്രാപ്തിയിലെത്തുന്നില്ല.

കാർഷിക ഉൽപന്നങ്ങളുടെ വിലക്കുറവാണ് മറ്റൊരു പ്രധാന പ്രശ്നം. പലപ്പോഴും തീരെ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ അവർ നിർബന്ധിതരാകുന്നു. പണ്ട് ജന്മിമാരുടെ ചൂഷണത്തിന് കർഷകത്തൊഴിലാളികൾ വിധേയരായിരുന്നുവെങ്കിൽ ഇന്ന് ഇടനിലക്കാരുടെയും കോർപ്പറേറ്റ് കമ്പനികളുടെയും അടിമകളാണവർ. നിരവധി സഹായപദ്ധതികൾ കർഷകർക്കായി നിലവിലുണ്ട്. പക്ഷേ അവ കൃത്യമായി അവരിലേക്ക് എത്തുന്നില്ല. പുതിയ തലമുറ കൃഷിയിലേക്ക് കടന്നുവരാൻ മടിക്കുന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. കൃഷിയെ അഭിമാനകരമായ ഒന്നായി കാണാൻ പുതിയ തലമുറ തയ്യാറല്ല.

കർഷകരുടെ പ്രതിസന്ധികൾ മാറ്റാൻ സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ ആവശ്യമാണ്.

ഈ ഉത്തരം വായിച്ചില്ലേ?

വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തൂ. തലക്കെട്ട് നൽകാൻ മറക്കരുത്.

**വിലയിരുത്തൽ സൂചകങ്ങൾ**

- തലക്കെട്ട്, ഖണ്ഡികാകരണം (1)
- വിഷയാവതരണം (1)
- ആനുകാലിക പ്രസക്തി (1)
- പ്രശ്നപരിഹാരം (1)
- ഉപസംഹാരം (1)
- ഭാഷ (1)

10. പാഠഭാഗത്തെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രങ്ങൾ ചിരുത, കോരൻ, കോരന്റെ അച്ഛൻ എന്നിവരാണല്ലോ ...

ചിരുതയുടെ കഥാപാത്രനിരൂപണം തയ്യാറാക്കിയാലോ? **(6)**

കഥാപാത്രവുമായി ബന്ധപ്പെട്ട സൂചനകൾ താഴെ കൊടുത്തിരിക്കുന്നു.

- കോരന്റെ ഭാര്യയും കർഷകത്തൊഴിലാളിയുമായ ചിരുതയാണ് ഈ നോവലിലെ നായിക.
- ഭർത്താവിനെപ്പോലെ കുടുംബം പുലർത്താൻ അധ്വാനിക്കുന്നവൾ.
- ദാമ്പത്യത്തെ സുഖകരമാക്കുന്ന സ്നേഹബന്ധം നിലനിർത്തുന്നവൾ
- ദാരിദ്ര്യത്തെ സ്നേഹം കൊണ്ട് അതിജീവിക്കാൻ കരുത്തുള്ളവൾ.
- സ്വന്തം വിശപ്പുമറന്ന് മറ്റുള്ളവരെ ഊട്ടുന്നവൾ
- ഭർത്താവിനോട് അതിയായ സ്നേഹവും കരുതലും
- സ്നേഹത്തിന്റെ കരുതലിൽ പ്രതിസന്ധികളെ മറികടക്കാൻ ശേഷിയുള്ള സ്ത്രീ.
- ഭർതൃപിതാവിനോട് സ്നേഹത്തോടെ പെരുമാറുകയും പരിചരിക്കുകയും ചെയ്യുന്നവൾ.

സൂചനകൾ പരിഗണിച്ച് ചിരുതയുടെ കഥാപാത്രനിരൂപണം തയ്യാറാക്കുക.

11. 'ജീവിതദുരിതങ്ങളെ സ്നേഹം കൊണ്ട് അതിജീവിക്കുന്നതിന്റെ ശക്തമായ ആവിഷ്കാരമാണ് പ്ലാവിലക്കഞ്ഞി' - ഉപന്യാസം തയാറാക്കുക. **(6)**

**സൂചനകൾ**

- ജന്മിത്തത്തിന്റെ ക്രൂരതകൾക്ക് ഇരയായവരാണ് കുട്ടനാടൻ കർഷകർ
- കോരൻ, അവന്റെ പിതാവ് എന്നിവർ ഇത്തരക്കാരുടെ പ്രതിനിധികളാണ്.
- കൃത്യമായ കൂലി/ഭക്ഷണം എന്നിവ അവർക്ക് ലഭ്യമല്ല.
- പരസ്പര സ്നേഹവും കരുതലും കൊണ്ട് കോരനും ചിരുതയും ഇതിനെയെല്ലാം അതിജീവിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ഉപന്യാസഘടന (ആമുഖം, തലക്കെട്ട്, ഖണ്ഡികാകരണം, ഉപസംഹാരം) (1)
- ആശയസമഗ്രത (2)
- സ്വന്തം കാഴ്ചപ്പാട് (2)
- ഉചിതമായ ഭാഷ (1)

**കൂടുതലറിയാൻ**

1. എത്ര <u>കോടി</u> ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു.

ഓണത്തിന് <u>കോടി</u> ധരിക്കുന്നത് കേരളീയരുടെ ശീലമാണ്.

അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം കണ്ടെത്തുക. **(1)**

2. 'അത്താഴക്കരിക്കാടി' എന്നാൽ അത്താഴത്തിനുള്ള കഞ്ഞി എന്നർഥം.

- 'നെല്ലില്ല. പിശാശുക്കള്! നെല്ലു കൊണ്ടുചെന്നു വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്' 'പെട്ട വിലയ്ക്ക് വിൽക്കുക' എന്നാൽ കിട്ടുന്ന വിലയക്ക് വിൽക്കുക എന്നർഥം.
- അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു. കോരന്റെ ഹൃദയത്തെ നോവിച്ച അപരാധബോധം എന്തായിരുന്നു? **(4)**
- കുടുംബ ബന്ധങ്ങളിലെ ഐക്യം, ഊഷ്മളത എന്നിവയുടെ ഓർമപ്പെടുത്തലാണ് 'പ്ലാവില ക്കഞ്ഞി' എന്ന പാഠഭാഗം. കോരൻ, ചിരുത, കോരന്റെ അച്ഛൻ എന്നിവരുടെ സ്നേഹബന്ധ ത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക. **(4)**

**പ്ലാവിലക്കഞ്ഞിയിലെ ഭാഷ**

പാഠഭാഗം വായിക്കുമ്പോൾ അതിലെ ഭാഷാരീതിക്ക് എന്തെങ്കിലും പ്രത്യേകതകൾ നിങ്ങൾക്ക് തോന്നുന്നുണ്ടോ?


- കുട്ടനാട്ടിലെ സാധാരണ ജനങ്ങളുടെ ഭാഷയിൽ രചിച്ച കൃതിയാണിത്.
- കുട്ടനാടിന്റെ ചരിത്രം പറയാൻ തകഴി ശിവശങ്കരപ്പിള്ള അവിടത്തെ ഭാഷ തന്നെ ഉപയോഗിച്ചു.
- 'വ' എന്ന അക്ഷരത്തിന് പകരം പലയിടത്തും 'മ' പ്രയോഗിച്ചിരിക്കുന്നു.

  (വേണ്ട - മേണ്ട, വയറ്റില് - മയറ്റില്, വയറ് - മയറ്, വച്ചിരുന്നു - മച്ചിരുന്നു, വെള്ളം - മെള്ളം)

  പ്രാദേശിക ഭാഷാഭേദങ്ങൾ കടന്നുവരുന്ന നിരവധി മലയാള കൃതികളുണ്ട്. ഇത്തരം ഭാഷാ ഭേദങ്ങൾ സാഹിത്യകൃതികളെ കൂടുതൽ ആസ്വാദ്യമാക്കുന്നു.

  (എഴുത്തുഭാഷയിൽ നിന്ന് വ്യത്യസ്തമായി നിശ്ചിതയിടങ്ങളിൽ വാമൊഴിയായി നില നിൽക്കുന്ന ഭാഷാഭേദമാണ് പ്രാദേശിക ഭാഷാഭേദമെന്ന് പൊതുവേ പറയുന്നത്)

## ഓരോ വിളിയും കാത്ത്



*യു.കെ. കുമാരൻ*

മലയാള ചെറുകഥാകൃത്തും നോവലിസ്റ്റുമായ യു.കെ. കുമാരന്റെ ശ്രദ്ധേയമായ ചെറുകഥ.

**പ്രധാന ആശയങ്ങൾ**

- കുടുംബബന്ധങ്ങളുടെ ഇഴയടുപ്പം അനുഭവിപ്പിക്കുന്ന കഥ.
- അച്ഛൻ, അമ്മ, മകൻ, ചെറുമകൻ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങൾ
- ഗ്രാമത്തിലെ വീട്ടിൽ അച്ഛന്റെ ഓരോ വിളിക്കു പിന്നാലെയും ഓടിക്കൊണ്ടിരിക്കുന്ന അമ്മ.
- അച്ഛന്റെ മരണത്തോടെ അമ്മ വീട്ടിൽ ഒറ്റപ്പെടുന്നു.
- അച്ഛൻ ഇല്ലാത്ത വീട്ടിൽ അമ്മ എങ്ങനെ ഒറ്റയ്ക്കു താമസിക്കുമെന്ന് ഭയപ്പെടുന്ന മകൻ.
- അച്ഛൻ വീടിന്റെയും അമ്മയുടെ ജീവിതത്തിലെയും സജീവ സാന്നിധ്യമായിരുന്നു.
- കന്നിപ്പാടത്തെ വെയിലിന്റെ വേലിയേറ്റം, രാത്രി പറന്നുപോകുന്ന വാവലുകളുടെ ചിറകടിയൊച്ച, കുളത്തിന്റെ കിഴക്കുള്ള കവുങ്ങിലെ പഴുത്ത അടയ്ക്കകൾ, കുന്നിൻപുറത്തുള്ള തെങ്ങിലെ വരണ്ട തേങ്ങ. കന്നി നെല്ലിന് വേലികെട്ടേണ്ട സമയം, വരമ്പിൽ ചാഞ്ഞ കതിരിൽ ചവിട്ടി ആരുടെയൊക്കെയോ പോക്ക് എന്നിവയെല്ലാം കിടന്ന കിടപ്പിലും അച്ഛൻ അറിയുന്നുണ്ടായിരുന്നു.
- അച്ഛന്റെ മരണത്തോടെ വീട് വല്ലാത്തൊരു ശൂന്യതയിലേക്ക് പോകുന്നു.
- മകന്റെ നിർബന്ധങ്ങൾക്ക് വഴങ്ങി നഗരത്തിലെ വീട്ടിലേക്ക് ചെല്ലാമെന്ന് അമ്മ സമ്മതിക്കുന്നുവെങ്കിലും ഒടുവിൽ അതിൽനിന്ന് പിൻമാറുന്നു.

**വിശകലന ചോദ്യങ്ങൾ**

1. 'വെയിലിന്റെ വേലിയേറ്റം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്

   **വെയിൽ കൂടുന്നത്** (1)

2. ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ <u>ശബ്ദങ്ങളുടെ കരിയിലകൾ</u> അപ്പാടെ പാറിപ്പോയിരിക്കുന്നു. അടിവരയിട്ട പദം കൊണ്ട് അർഥമാക്കുന്നത്?

   - അമ്മയുടെ മൗനം
   - അച്ഛന്റെ ശബ്ദസാന്നിധ്യം
   - മൗനത്തിലാണ്ട വീട്

   **(ഉത്തരം : അച്ഛന്റെ ശബ്ദസാന്നിധ്യം)** (1)

3. 'തിമിരപ്പടർപ്പുകൾ' എന്ന വാക്ക് തിമിരത്തിന്റെ പടർപ്പുകൾ എന്ന് എഴുതാമല്ലോ. എങ്കിൽ താഴെപ്പറയുന്ന വാക്കുകൾ അതുപോലെ എഴുതിനോക്കൂ.

   - കന്നിനെല്ല്
   - കാൽമുട്ട്

   **(ഉത്തരം : കന്നിയിലെ നെല്ല്, കാലിന്റെ മുട്ട്)** (1)

4. സമയമേറെ എന്ന വാക്ക് 'സമയം + ഏറെ' എന്ന് എഴുതാം. എങ്കിൽ താഴെപ്പറയുന്ന വാക്കുകൾ ഇതുപോലെ എഴുതിനോക്കൂ...

- കന്നിപ്പാടം
- കരിയില
- ചിറകടിയൊച്ച

**(ഉത്തരം : കന്നി + പാടം, കരി + ഇല, ചിറകടി + ഒച്ച)** (2)

5. 'മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.' - അടിവരയിട്ട പദങ്ങൾ നൽകുന്ന രണ്ട് അർഥസാധ്യതകൾ എഴുതുക. (2)

- ക്ലാവു പിടിച്ചാലും കണ്ണാടിയിലെ കാഴ്ചകൾ യഥാർഥമായിരിക്കും.
- അച്ഛൻ കിടപ്പിലായപ്പോഴും ചുറ്റുപാടുകളിലെ മാറ്റങ്ങൾ കൃത്യമായി അറിഞ്ഞിരുന്നു.

6. "നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?" - അമ്മയുടെ ഈ ചോദ്യത്തിൽ തെളിയുന്ന നഗരജീവിതത്തെക്കുറിച്ചുള്ള രണ്ട് സൂചനകൾ എഴുതുക. (2)

7. 'വീടിനെ വീടാക്കി മാറ്റുന്നത് അവിടത്തെ സ്നേഹവും ആ സ്നേഹത്തിന്റെ ഉറപ്പുമാണ്' - വീടിനെക്കുറിച്ചുള്ള നിങ്ങളുടെ സങ്കൽപങ്ങൾ കുറിക്കുക?

(പാഠഭാഗത്തെ ആശയങ്ങൾ കൂടി പരിഗണിക്കുമല്ലോ....) (4)

8. 'പരസ്പരസ്നേഹത്തിന്റെ ഏറ്റവും മികച്ച മാതൃകകളാണ് 'ഓരോ വിളിയും കാത്ത്' എന്ന ചെറുകഥയിലെ അച്ഛനും അമ്മയും' -

**വിലയിരുത്തൽകുറിപ്പ് തയാറാക്കുക.** (4)

**സൂചനകൾ**

- അച്ഛന്റെ വിളികൾക്കു പിന്നാലേ പോകുമ്പോൾ ഏതവസ്ഥയിലും അമ്മ ചെറുപ്പത്തിലേക്ക് മടങ്ങുന്നു.
- അമ്മയുടെ മറുപടികളിൽ മൗനം പാലിക്കുന്ന അച്ഛൻ.
- ഇളനീരിനൊപ്പം അച്ഛന് പ്രിയപ്പെട്ട കാപ്പിയും വയ്ക്കുന്ന അമ്മ.
- പൈക്കച്ചവടക്കാരനുള്ള അമ്മയുടെ മറുപടി.
- അച്ഛന്റെ മരണശേഷം, ഇനി ആർക്കുവേണ്ടി ഉറക്കമിളയ്ക്കുമെന്ന അമ്മയയുടെ ചിന്ത.
- കഥാന്ത്യത്തിൽ മകനോടൊപ്പം പോകാൻ കൂട്ടാക്കാതെ അമ്മ മറുപടി പറയുന്ന മറുപടി.

9. 'അച്ഛന്റെ വിളികൾക്ക് കാത്തിരിക്കുന്ന അമ്മ. നഗരത്തിലേക്ക് അമ്മയെ വിളിക്കുന്ന മകൻ' വിളികൾക്ക് ഈ കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക? (4)

**സൂചനകൾ**

- എല്ലാ വിളികളും അമ്മയിലേയ്ക്കാണ്.
- എല്ലാ വിളികളിലും സ്നേഹം പ്രകടമാണ്.
- എല്ലാ വിളികളും അമ്മയെ സജീവമാക്കുന്നു.

10. കഥാപാത്രനിരൂപണം തയാറാക്കുക.

‘ഓരോ വിളിയും കാത്ത്’ എന്ന കഥയിലെ അച്ഛൻ **(6)**

| സൂചനകൾ |
| --- |
| • കുടുംബത്തിനോടും പ്രകൃതിയോടും ആത്മബന്ധം. |
| • കിടപ്പിലായപ്പോഴും വീട്ടിലെ സജീവ സാന്നിധ്യം. |
| • അമ്മയുടെ മനസ്സ് മനസ്സിലാക്കുന്നു. |
| • അമ്മയ്ക്ക് വിഷമം പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. |

**കൂടുതലറിയാൻ**

“അച്ഛന് ഇളനീരിനേക്കാളിഷ്ടം കാപ്പിയാ.”

“ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ.”

“ഞാനെങ്ങന്യാ മോനേ വരാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ ....”

മരിച്ചിട്ടും മരിക്കാത്ത സ്നേഹബന്ധങ്ങളുടെ കഥയാണ് ‘ഓരോ വിളിയും കാത്ത്’. കഥാസന്ദർഭങ്ങൾ പരിഗണിച്ച് കഥയ്ക്ക് ആസ്വാദനം തയാറാക്കുക.



## അമ്മത്തൊട്ടിൽ

റഫീക് അഹമ്മദ്

പുതുതലമുറയിലെ ശ്രദ്ധേയനായ കവിയും ഗാനരചയിതാവുമായ റഫീക് അഹമ്മദിന്റെ കവിതയാണ് 'അമ്മത്തൊട്ടിൽ'. ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി വൃദ്ധയായ അമ്മയെ മകൻ ഉപേക്ഷിക്കാൻ ശ്രമിക്കുന്നതും അയാൾക്ക് അതിന് കഴിയാത്തതും കവിതയിൽ ആവിഷ്കരിക്കുന്നു.

**പ്രധാന ആശയങ്ങൾ**

- ആധുനിക ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യം.
- വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവം.
- കാറിന്റെ പിൻസീറ്റിലിരുത്തി രാത്രിയിൽ അമ്മയെ ഉപേക്ഷിക്കാൻ കൊണ്ടുപോകുന്ന മകൻ.
- മകനിലുള്ള അമിതമായ വിശ്വാസത്താൽ എങ്ങോട്ട്, എന്തിന് കൊണ്ടുപോകുന്നു എന്ന് അമ്മ ചോദിക്കുന്നില്ല.
- മങ്ങിപ്പഴകി പാടയും പീളയും മൂടിയതാണ് അമ്മയുടെ കണ്ണുകൾ.
- കൈകൾ ഉണങ്ങിയ ചുള്ളിക്കമ്പുകൾക്ക് സമാനമാണ്.
- പെരും മാളിന്റെ സമീപത്ത് അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്നെങ്കിലും പെറ്റുകിടക്കുന്ന തെരുവുപട്ടിയുടെ ആക്രോശത്താൽ അയാൾക്ക് അതിന് സാധിക്കുന്നില്ല.
- ജില്ലാശുപത്രിക്കരികിലെ ആളൊഴിഞ്ഞ ഇരുളിടത്തിൽ മകൻ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്നു. അപ്പോൾ കുട്ടിക്കാലത്ത് പനിച്ചുകിടന്നതും അമ്മയെടുത്തുകൊണ്ട് ആശുപത്രിയിലേക്ക് ഓടിയതും അന്നത്തെ സൂചിപ്രയോഗത്തിന്റെ നീറ്റലും അയാളെ പിൻതിരിപ്പിക്കുന്നു.
- വിദ്യാലയമുറ്റത്ത് എത്തുമ്പോൾ ആദ്യമായി സ്കൂളിൽ പോയതും പൊട്ടിക്കരഞ്ഞതും ശാഠ്യം പിടിച്ചതും ഉച്ചയാവോളം മതിലിനു പുറത്ത് അമ്മ കാത്തുനിന്നതുമായ ഓർമകൾ അയാളെ അവിടെ അമ്മയെ ഉപേക്ഷിക്കാനുള്ള ശ്രമത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നു.
- സ്വബോധം നഷ്ടപ്പെടുന്നതുവരെ അമ്മ നിരന്തരം പോകണമെന്ന് ആവശ്യപ്പെട്ടിരുന്ന ക്ഷേത്രമുറ്റത്ത് ഉപേക്ഷിക്കാൻ തീരുമാനിക്കുമ്പോൾ ഈശ്വരൻ അതിന് തടസ്സമായി നിൽക്കുന്നതായി അയാൾക്ക് തോന്നുന്നു.
- അമ്മയുടെ വയറ്റത്തെ ചൂടും കാച്ചെണ്ണയുടെ ഗന്ധവും ഓലക്കൊടികൾ പുകയുന്ന മണവുമെല്ലാം ഓർമകളായി കടന്നുവരുന്നു.
- ഒന്നിനും കൊള്ളരുതാത്തവനെന്ന് ഭാര്യ പഴി പറയുമെങ്കിലും അതിനെ വകവയ്ക്കാതെ അമ്മയെ തിരികെ വീട്ടിലേയ്ക്ക് കൊണ്ടുപോകാൻ മകൻ തീരുമാനിക്കുന്നു.
- കാറിന്റെ പിൻസീറ്റിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ പൂർണമായി വലത്തോട്ട് ചാഞ്ഞ് മടങ്ങി മയങ്ങിക്കിടക്കുന്ന അമ്മയെയാണ് അയാൾ കാണുന്നത്.
- അപ്പോഴും അമ്മ കണ്ണുകൾ തുറന്നുപിടിച്ചിരിക്കുകയായിരുന്നു.

**വിശകലന ചോദ്യങ്ങൾ**

1. 'കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന ഇട'മായി കവിതയിൽ സൂചിപ്പിക്കുന്നത്.

- വിദ്യാലയമുറ്റം
- ജില്ലാശുപത്രി
- തെരുവ്

**ഉത്തരം : വിദ്യാലയമുറ്റം** (1)

2. പിഞ്ഞാണവർണം എന്നാൽ പിഞ്ഞാണത്തിന്റെ വർണം എന്ന് അർത്ഥം പറയാം. ഇതുപോലെ ചുവടെയുള്ള പദങ്ങളുടെ അർത്ഥം പറഞ്ഞുനോക്കാൻ ശ്രമിക്കാം.

- പിൻസീറ്റ്
- കൈച്ചുള്ളി
- സൂചിപ്രയോഗം

**ഉത്തരം : പിന്നിലെ സീറ്റ്, ചുള്ളിപോലുള്ള കൈയ്, സൂചി കൊണ്ടുള്ള പ്രയോഗം** (1)

3. അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്' എന്നു പറയാനുള്ള കാരണങ്ങൾ എന്താവാം?

- അമ്മയുടെ വാർദ്ധക്യത്തിന്റെ സൂചന
- കണ്ണിന്റെ തെളിച്ചം നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥ

ഇതുപോലെ കൈച്ചുള്ളികൾ എന്ന പ്രയോഗത്തിന്റെ അർത്ഥസാധ്യതകൾ കണ്ടെത്തിയാലോ.

- വാർദ്ധക്യത്തിന്റെ സൂചന
- ചുള്ളിപോലെയുള്ള കൈ (2)

4. 'അമ്മത്തൊട്ടിൽ' എന്ന തലക്കെട്ടിന് ഉചിതമായ രണ്ട് സൂചനകൾ എഴുതിയാലോ?

- കുട്ടികളെ ഉപേക്ഷിക്കുന്ന ഇടമാണ് അമ്മത്തൊട്ടിൽ.
- കവിതയിൽ അമ്മയെ ഉപേക്ഷിക്കുന്ന ഇടമായി മാറുന്നു. (2)

5. അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന മകന്റെ മനസ്സിലേക്ക് കടന്നുവരുന്ന ഓർമകൾ എന്തെല്ലാം?

- കുട്ടിക്കാലത്ത് പനിച്ചുകിടന്നത്.
- അമ്മയെടുത്തുകൊണ്ട് ആശുപത്രിയിൽ പോയത്
- സൂചിപ്രയോഗം
- ആദ്യമായി വിദ്യാലയത്തിൽ എത്തിയത്.
- അമ്മയെ പിരിഞ്ഞതിന്റെ വേദന
- ചുറ്റുമതിലിനു പുറത്ത് അമ്മ കാത്തു നിന്നത്.

ഇത്തരം ഓർമകൾ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന മകനെ തിരിച്ചറിവിലേക്ക് നയിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (4)

**വിലയിരുത്തൽ സൂചകങ്ങൾ**

- സന്ദർഭം കണ്ടെത്തിയിട്ടുണ്ട്. (1)
- ഓർമകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- സ്വന്തം കാഴ്ചപ്പാട് അവതരിപ്പിച്ചിട്ടുണ്ട്. (1)
- ഉചിതമായ ഭാഷ (1)

6. പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ -
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു.

അമ്മയെ ഉപേക്ഷിക്കാനായി പെരും മാളിനടുത്തെത്തിയ മകൻ പെറ്റുകിടക്കുന്ന തെരുവുപട്ടിയുടെ ആക്രോശത്തിൽ അതിൽനിന്ന് പിന്തിരിയുന്നു.

തെരുവുനായയുടെ ഈ പ്രവൃത്തി മനുഷ്യന് എന്തെങ്കിലും തിരിച്ചറിവുകൾ നൽകുന്നുണ്ടോ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക. **(4)**

**വിലയിരുത്തൽ സൂചകങ്ങൾ**

- സന്ദർഭം കണ്ടെത്തിയിട്ടുണ്ട്. (1)
- ആശയം ഗ്രഹിച്ചിട്ടുണ്ട്. (1)
- സ്വന്തം അഭിപ്രായം (1)
- ഉചിത ഭാഷ (1)

**സൂചനകൾ**

- തെരുവുപട്ടിക്ക് സ്വന്തം കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള താല്പര്യം
- വളർത്തി വലുതാക്കിയ അമ്മയെ ഉപേക്ഷിക്കാനുള്ള മകന്റെ മാനസികാവസ്ഥ

7. 'ആരാണു മുന്നിൽ, പുറത്തേക്കശാന്തനാ -
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?

- ഇവിടെ ഈശ്വരൻ മകന്റെ മനസ്സാക്ഷിയുടെ പ്രതീകമാണ് - ഈ പ്രസ്താവനയുടെ സാധുത കാവ്യഭാഗവുമായി ബന്ധിപ്പിച്ച് വിലയിരുത്തി കുറിപ്പ് തയാറാക്കുക. **(4)**

**സൂചനകൾ**

- മനസ്സിന്റെ നന്മയാണ് ഈശ്വരൻ.
- അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന മകന്റെ കുറ്റബോധം
- മകന്റെ മനസിലെ നന്മയും തിന്മയും തമ്മിലുള്ള സംഘർഷം
- നന്മയുടെ വെളിപ്പെടൽ.

**വിലയിരുത്തൽ സൂചകങ്ങൾ**

- കാവ്യസന്ദർഭം കണ്ടെത്തിയിട്ടുണ്ട്. (1)
- മകന്റെ മാനസികാവസ്ഥ വിശകലനം ചെയ്തിട്ടുണ്ട്. (1)
- മകന്റെ തീരുമാനം വിലയിരുത്തിയിട്ടുണ്ട്. (1)
- ഉചിതമായ ഭാഷ

8. *ഭക്ഷണം നൽകാതെ മാതാപിതാക്കളെ മകൻ പൂട്ടിയിട്ടു. അച്ഛൻ മരിച്ചു ; അമ്മ ഗുരുതരാവസ്ഥയിൽ.* പത്രവാർത്ത

"എങ്ങിനിക്കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?"

- അമ്മത്തൊട്ടിൽ -

പത്രവാർത്തയും വരികളിലെ ആശയവും പരിഗണിച്ച് 'മാതാപിതാക്കളോടുള്ള പുതിയ തലമുറയുടെ സമീപനം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക. **(6)**

ഈ ചോദ്യത്തിന് ഒരു കുട്ടി തയ്യാറാക്കിയ ഉത്തരം നോക്കൂ.

മാതാപിതാക്കളോടുള്ള പുതിയ തലമുറയുടെ സമീപനം എന്ന വിഷയത്തെക്കുറിച്ചാണ് ഞാൻ ഇന്നിവിടെ സംസാരിക്കുന്നത്. ഭക്ഷണം നൽകാതെ മാതാപിതാക്കളെ മകൻ പൂട്ടിയിട്ടു. അച്ഛൻ മരിച്ചു; അമ്മ ഗുരുതരാവസ്ഥയിൽ എന്ന പത്രവാർത്ത ഈ വിഷയമാണ് സൂചിപ്പിക്കുന്നത്. മാതാപിതാക്കളോട് വളരെ മോശമായിട്ടാണ് പുതിയ തലമുറ പെരുമാറുന്നത്. പലപ്പോഴും മാതാപിതാക്കളെ അവഗണിക്കുകയാണ് പുതിയ തലമുറ ചെയ്യുന്നത്. മാതാപിതാക്കൾക്ക് ഒരു സ്ഥാനവും പുതിയ തലമുറ നൽകുന്നില്ല. അമ്മത്തൊട്ടിൽ എന്ന കവിതയിൽ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന മകനെ കാണാം. വലിയ മാളിന്റെ മുന്നിലും ആശുപത്രിക്കരികിലും വിദ്യാലയമുറ്റത്തും അമ്പലനടയിലും അമ്മയെ ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്നു. മക്കളെ വളർത്തി വലുതാക്കുന്ന മാതാപിതാക്കളെ പുതിയ തലമുറ മറന്നുപോകുന്നു. പത്രവാർത്തയിലും കവിതയിലെ വരികളിലും മാതാപിതാക്കളോടുള്ള പുതിയ തലമുറയുടെ സമീപനം കാണാം.

പുതിയ തലമുറയുടെ ഈ സമീപനം ഒരിക്കലും ശരിയല്ല. വളർത്തി വലുതാക്കുന്ന മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ്. അതുകൊണ്ടുതന്നെ എല്ലാവരും കടമകൾ നിറവേറ്റി ജീവിതം തുടരേണ്ടതുണ്ട്.

**വിലയിരുത്തൽ സൂചകങ്ങൾ**

- പ്രഭാഷണത്തിന്റെ ഘടന (സംബോധന, ആമുഖം, ഭാഷാശൈലി) (1)
- ആശയസമഗ്രത (2)
- ആനുകാലിക പ്രസക്തി (1)
- സ്വന്തം കാഴ്ചപ്പാട് (1)
- ഉചിതമായ ഭാഷ (1)

പ്രഭാഷണത്തിന്റെ സൂചകങ്ങൾ ഉപയോഗിച്ച് നമുക്ക് ഈ ഉത്തരത്തെ വിലയിരുത്തിനോക്കാം. പ്രഭാഷണവിഷയം സൂചിപ്പിച്ച് സന്ദർഭങ്ങളെ വിലയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രഭാഷണത്തിന്റെ ഘടനയായ സംബോധന, ഉപസംഹാരം എന്നിവ ഈ ഉത്തരത്തിൽ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ പ്രഭാഷണത്തിന്റെ ഭാഷയല്ല സ്വീകരിച്ചിരിക്കുന്നത് എന്ന് കാണാം. ആശയങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണുന്നില്ല. കൂടുതൽ ഉദാഹരണങ്ങൾ നൽകാമായിരുന്നു.

എങ്കിൽ ഇവയെല്ലാം പരിഹരിച്ചുകൊണ്ട് ഒരു പ്രഭാഷണം നിങ്ങൾ എഴുതിനോക്കൂ.

**കൂടുതൽ അറിയാൻ**

1. ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)
   തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു -

   ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ) എന്ന പ്രയോഗത്തിന്റെ ഔചിത്യം കണ്ടെത്തുക.

2. 'പീളയടിഞ്ഞ് നിറം പോയ കണ്ണുക -
   ളെന്തേയടയ്ക്കാതെവച്ചമ്മ നിർദയം' -

   നിർദയം എന്ന പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർത്ഥവ്യാപ്തി എന്ത്?

3. മനുഷ്യജീവിതത്തിൽ 'അമ്മ' 'തൊട്ടിൽ' എന്നീ പദങ്ങളുണർത്തുന്ന വൈകാരികതയ്ക്ക് വിരുദ്ധമാണ് 'അമ്മത്തൊട്ടിൽ' എന്ന ശീർഷകം. കവിത വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

4. മനുഷ്യത്വരഹിതമായ മനോഭാവങ്ങളോടുള്ള അതിശക്തമായ പ്രതികരണമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കവിതക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

# അടിസ്ഥാനപാഠാവലി

## യൂണിറ്റ് – രണ്ട് – നിലാവു പെയ്യുന്ന നാട്ടുവഴികൾ

## കൊച്ചുചക്കരച്ചി



എ.പി. ഉദയഭാനുവിന്റെ ലളിതവും ജീവിതസ്പർശിയുമായ ഉപന്യാസം. മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്കാരം.

**പ്രധാന ആശയങ്ങൾ**

- വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവു തന്നെയെന്ന് ഓർമ്മപ്പെടുത്തുന്നു.
- മാവ് തളിരിടുമ്പോൾ മുതൽ നാട്ടിൻപുറത്ത് ഉത്സവം ആരംഭിക്കുന്നു.
- ഗ്രാമീണാന്തരീക്ഷത്തിലെ മാമ്പൂവിന്റെ മൃദുലമായ പരിമളം
- ഏതു പരുവത്തിലും മാങ്ങ ആസ്വാദ്യകരമാണ് എന്ന ഓർമപ്പെടുത്തൽ
- രചയിതാവിന്റെ ഓർമകളിൽ നിരവധി മാവുകൾ കടന്നു വരുന്നു.
  കുറുടിച്ചി, കൊച്ചു ചക്കരച്ചി, വലിയചക്കരച്ചി
- മുല്ലശ്ശേരിൽ പറമ്പിന്റെ അതിരിൽ നിന്നിരുന്ന ശർക്കരമാവിന്റെ കീഴിൽ കൂടിയിരുന്ന കൊതിയ സമാജം
- അണ്ണാൻ പിറന്നാൾ എന്ന മഹായജ്ഞം, ഉണ്ണിയിടൽ തുടങ്ങിയ മന്ത്രതന്ത്രങ്ങൾ
- കവിഭാവനയെ ഏറ്റവും അധികം പ്രചോദിപ്പിച്ചത് മാവുകളായിരുന്നു.
- 'മാമ്പഴ'ത്തിൽ കൂടി ഉൽക്കടമായ വേദനയുടെ മാധുര്യം നുകർന്നുതന്ന വൈലോപ്പിള്ളി
- അധീശ്വരിയെപ്പോലെ നിലനിന്നിരുന്ന കൊച്ചു ചക്കരച്ചി.
- മയിലിനെപ്പോലെ പീലിവിടർത്തി നിന്ന കൊച്ചുചക്കരച്ചിയെ വെട്ടിനീക്കാനുള്ള പാട്ടത്തിലെ അപ്പൂപ്പന്റെ ശ്രമം
- നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ കൊച്ചുചക്കരച്ചി പറയുമായിരുന്നു.
- സ്വയം ചത്തും മാവിനെ സംരക്ഷിച്ച നീറുകൾ എന്ന ചാവേറ്റുപട.
- രോഗം വന്ന മാവിനെ മുറിക്കാനുള്ള ലേഖകന്റെ ശ്രമം.
- മാവ് മുറിക്കുന്നതിൽ അമ്മയ്ക്കുള്ള എതിർപ്പ്
- കൊച്ചുചക്കരച്ചിയെ മനുഷ്യഭാവത്തിൽ ചിത്രീകരിച്ചിരിക്കുന്നു.
- 'കൊച്ചു ചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല' എന്ന അമ്മയുടെ ഉറച്ച വിശ്വാസം.
- ആർക്കും, ഒന്നിനും ഒരു ദോഷവും വരുത്താതെയുള്ള കൊച്ചുചക്കരച്ചിയുടെ വിടവാങ്ങൽ

**വിശകലന ചോദ്യങ്ങൾ**

1. ശാഖോപശാഖകൾ - ശാഖകളും ഉപശാഖകളും എന്ന് അർത്ഥം പറയാം. ഇതുപോലെ ചുവടെയുള്ള പദങ്ങൾ അർത്ഥം പറഞ്ഞു നോക്കൂ.

   മന്ത്രതന്ത്രങ്ങൾ

   ധാടിമോടി

   ചൂതസായകൻ

   മഹായജ്ഞം (1)

   **ഉത്തരം : മന്ത്രവും തന്ത്രവും, ധാടിയും മോടിയും, ചൂതം സായകമാക്കിയവൻ, വൃദ്ധയായ മുത്തശ്ശി, മഹത്തായ യജ്ഞം**

2. വിദ്യാഭ്യാസം എന്ന പദം വിദ്യ+അഭ്യാസം എന്നെഴുതാം. ഇതുപോലെ ചുവടെയുള്ള പദങ്ങൾ എഴുതി നോക്കിയാലോ.

ചാവേറ്റുപട

ഈഷന്മാത്രം

**ഉത്തരം : ചാവേറ് + പട**

**ഈഷദ് + മാത്രം** (1)

3. "കവികളായ കവികളെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും ഒരു കൊതിയ സമാജത്തിൽ അംഗങ്ങളായിരിക്കണം". – ഈ വാക്യം നൽകുന്ന അർത്ഥം

- കവികൾ കൊതിയന്മാരാണ്.
- കവികൾ മാവിനെക്കുറിച്ച് മാത്രമാണ് കവിതകൾ എഴുതുന്നത്.
- കവിഭാവനയെ ഏറ്റവുമധികം പ്രചോദിപ്പിച്ചത് മാവുകളാണ്.

**ഉത്തരം : കവിഭാവനയെ ഏറ്റവുമധികം പ്രചോദിപ്പിച്ചത് മാവുകളാണ്.** (1)

4. - പണത്തിന്റെ മുട്ടുകൊണ്ട് ഒന്നു രണ്ടു പ്രാവശ്യം കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്.
   - കാൽമുട്ടു കൊണ്ട് പന്ത് തട്ടി അവൻ കാണികളുടെ കൈയടിനേടി.

രണ്ടുവാക്യങ്ങളിലും മുട്ട് എന്ന പദം ഒരേ അർത്ഥത്തിലാണോ ഉപയോഗിച്ചിരിക്കുന്നത്. അർത്ഥവ്യത്യാസം വ്യക്തമാക്കുക.

- **പണത്തിന്റെ മുട്ട് – പണത്തിന്റെ കുറവ്**

  **കാൽമുട്ട് – കാലിന്റെ മുട്ട്**

5. കൊച്ചു ചക്കരച്ചിയെ 'വൃദ്ധമുത്തശ്ശി' എന്ന് വിശേഷിപ്പിക്കുന്ന രണ്ടു സൂചനകൾ എഴുതുക.

- **കൊച്ചു ചക്കരച്ചിയുടെ പഴക്കം**
- **മുത്തശ്ശിയെപ്പോലെ സ്നേഹവും വാത്സല്യവും കരുതലും പ്രകടിപ്പിക്കുന്നു.**

6. - എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്ന് മധുരം തിന്നു.
   - വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു.

മുകളിൽ നൽകിയിരിക്കുന്ന വാക്യങ്ങളെ ഒറ്റവാക്യമാക്കി എഴുതുക.

**ഉത്തരം : എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്ന് മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു.**

7. തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചു പോവുകമാത്രം ചെയ്തു.

'കൊച്ചു ചക്കരച്ചിയിൽ' മാവുകൾക്ക് മാനുഷിക ഭാവം കൽപിച്ചിട്ടുണ്ട് – ഈ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. (4)

**സൂചനകൾ**

- മാവിനോട് ഇണക്കവും പിണക്കവും കാണിച്ച് മാമ്പഴം വീഴ്ത്തുന്നു.
- മാവിന്റെ യൗവനം, വാർദ്ധക്യം തുടങ്ങിയ ജീവിതാവസ്ഥകൾ വിശദീകരിക്കുന്നു.
- കുടുംബവുമായുള്ള ബന്ധം
- രോഗാവസ്ഥയിൽ കുടുംബത്തിലെ മുതിർന്ന അംഗത്തോടെന്നപോലെ സ്നേഹവും ആദരവും പുലർത്തുന്നു.

**വിശകലനക്കുറിപ്പ് - മൂല്യനിർണയ സൂചകങ്ങൾ**

| | |
|---|---|
| • പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. | 2 |
| • സന്ദർഭം വ്യക്തമാക്കിയിട്ടുണ്ട്. | 1 |
| • ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. | 1 |

8. കൊച്ചുചക്കരച്ചി വീഴില്ല, വീണാലും ആപത്തു വരുത്തുകയില്ല. എന്ന ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്. - പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധമാണ് അമ്മയുടെ വിശ്വാസത്തിന് അടിസ്ഥാനം. പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. **(4)**

9. സ്വയം ചത്ത് മാവിനെ രക്ഷിക്കുന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ചോടിച്ചു കളഞ്ഞു.

   സംരക്ഷണത്തിന്റെ ഈ പ്രകൃതിപാഠം മനുഷ്യന് മാതൃകയാണോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക. **(4)**

**സൂചനകൾ**

- പാട്ടത്തിലെ അപ്പൂപ്പൻ മാവിനെ മുറിക്കാൻ ശ്രമിക്കുന്നു.
- നീറുകൾ തനിക്ക് സംരക്ഷണം നൽകുന്ന മാവിനെ ജീവൻ നൽകി സംരക്ഷിക്കുന്നു.
- ധനലാഭത്തിനായി മനുഷ്യൻ മാങ്ങയെയും മാവിനെയും വിൽക്കാൻ ശ്രമിക്കുന്നു.

10 പ്രകൃതിയും മനുഷ്യനും ഇണങ്ങി ജീവിച്ചതിന്റെ ഓർമക്കുറിപ്പാണ് കൊച്ചുചക്കരച്ചി. ഇത് വർത്തമാനകാലത്തിന് നൽകുന്ന സന്ദേശം വ്യക്തമാക്കിക്കൊണ്ട് 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. **(6)**

**കൂടുതലറിയാൻ**

1. മുറ്റത്ത് കിഴക്കേയറ്റത്ത് ഉയർന്നു നിൽക്കുന്ന മാളികയോട് സ്പർദ്ധിക്കുന്ന മട്ടുതോന്നും കണ്ടാൽ

   സ്പർദ്ധിക്കുക എന്ന പദത്തിന്റെ അർഥം എഴുതുക.

   **ഉത്തരം : മത്സരിക്കുക.**

2. കാലയവനിക - ഇവയിൽ ശരിയുത്തരം ഏത്?
   - കാലവും യവനികയും
   - കാലത്തിന്റെ യവനിക
   - കാലമാകുന്ന യവനിക

   **ഉത്തരം : കാലമാകുന്ന യവനിക**

പൊതുവിദ്യാഭ്യാസ വകുപ്പ്